ഫെഡറേഷന്റെ സാമ്പത്തികമായ പ്രതിസന്ധി തീർക്കാൻ ധന കാര്യമന്ത്രിയുമായി ചർച്ച ചെയ്തു ചില നടപടികളെടുത്തിട്ടുണ്ട്. അതനുസരിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് തക്കതായ നടപടികളും കഴിയുന്നത്ര വേഗം സ്വീകരിക്കുമെന്ന് സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. വി.കെ. രാജൻ: തൊണ്ട് നിയന്ത്രണ ഉത്തരവിൽ മാറ്റം വരുത്തി റെറിംഗ് പോയിന്റിൽനിന്ന് തൊണ്ട് സംഭരിക്കാമെന്നുള്ള ഒരു പ്രഖ്യാപനം ഗവൺമെന്റിൽനിന്നു വന്നതായി കാണുന്നു. അപ്പോഴും ഗവൺമെന്റ് ആദ്യത്തേതിൽനിന്നു മാറി റെറിംഗ് പോയിന്റിൽനിന്ന് എന്നുള്ള നിലപാടിലേക്ക് എത്തിയിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: സർ, അത് ആ സമയത്ത് പറയേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടതല്ല.

IV. സബ്മിഷൻ

(1) പത്ര ഏജന്റന്മാരുടെ സമരം

ശ്രീ. പി.പി. തങ്കച്ചൻ: സർ, നമ്മുടെ സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി, ദീപിക എന്നീ പത്രങ്ങളുടെ ഏജന്റന്മാർ കഴിഞ്ഞ കുറെ ദിവസങ്ങളായി സമരത്തിലാണ്. ജൂൺ മാസം 15–ാം തീയതി മുതൽ പത്രങ്ങളും വിതരണം നടത്തുക എന്ന ജോലികൂടി ബഹിഷ്ക്കരിച്ചുകൊണ്ട് അവർ പുതിയ സമര മാർഗ്ഗം അവലംബിച്ചിരിക്കുകയാണ്. ഇതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് പത്ര വായനക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. അതുപോലെ സമരത്തിൽ ഏർപ്പെട്ടിട്ടുള്ള ഏജന്റുമാർക്കും വളരെയേറെ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ ഇതിൽ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാൻ വേണ്ടി ആരും തന്നെ മുന്നോട്ട് വരുന്നില്ല എന്നുള്ളതാണ് ഒരു വലിയ പരാധീനതയായി ഇന്ന് അനുഭവപ്പെടുന്നത്. ഒഴാഴ്ച കഴിഞ്ഞിട്ടും ഈ സമരം ഒത്തുതീർപ്പ് ആക്കാൻ വേണ്ടി മാനേജുമെന്റോ, അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പ്രതിനിധികളോ, മറ്റേതെങ്കിലും പ്രതിനിധികളോ മുന്നോട്ട് വന്നതായി മനസ്സിലാക്കാൻ സാധിക്കുന്നില്ല. മറ്റ് പല സമരങ്ങളും സംസ്ഥാനത്തിൽ നടക്കുമ്പോഴും സമരത്തിൽ മാനേജുമെന്റും തൊഴിലാളികളും പിടിവാശി ഉപേക്ഷിച്ചുകൊണ്ട് ഒരു അനുരഞ്ജന മനോഭാവത്തോടുകൂടി പ്രശ്നങ്ങളും ചർച്ചചെയ്തു സമരം തീർക്കണമെന്ന് പറയാറുണ്ട്. പത്രങ്ങളിലെ മുഖപ്രസംഗങ്ങളിൽ സാധാരണ അവരൊക്കെ അങ്ങനെ എഴുതാറുണ്ട്. പത്രക്കാരുടെ ഏജന്റന്മാർ സമരം നടത്തുമ്പോഴും അനുരഞ്ജന മനോഭാവത്തോടുകൂടി ഒരു ഒത്തുതീർപ്പ് ആക്കാൻ വേണ്ടി മാനേജ്മെന്റ് മുന്നോട്ട് വരുന്നില്ല എന്നുള്ളതു വളരെ സങ്കടകരമായ ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോട് എന്റെ അഭ്യർത്ഥന, എങ്ങനെയെങ്കിലും ഈ കാര്യത്തിൽ ഇടപെട്ട് പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാക്കാൻ ഇനിയെങ്കിലും ശ്രമിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പത്ര വിതരണ ഏജൻറൻമാർ അവരുടേതായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഇൻഫർമേഷൻ മിനിസ്റ്ററർക്ക് സമർപ്പിച്ചിരുന്നു. അവർ എന്നേയും വന്നു കാണുകയുണ്ടായി. അതിനെത്തുടർന്ന് ഈ കഴിഞ്ഞ 16–ാം തീയതി പത്രാധിപൻമാരുമായി ചർച്ച ഏർപ്പെടുത്തിയ അവസരത്തിൽ ഇൻഫർമേഷൻ മിനിസ്റ്ററർ അവരുടെ ഈ കാര്യത്തിൽ എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കാൻ കഴിയുമോയെന്ന് ചോദിക്കുകയുണ്ടായി. പത്രം വിതരണം ചെയ്യുന്നതിന് ആരായിരിക്കണം അതിന് എത്ര ശതമാനം ആനുകൂല്യം കൊടുക്കണം. ഇതെല്ലാം നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം മാനേജുമെൻറിനാണ്. ഇതിൽ ഒരു തൊഴിൽ പ്രശ്നം ഉൾക്കൊള്ളുന്നില്ല. അക്കാര്യത്തിൽ ഗവൺമെൻറ് ഇടപെടരുതെന്നുള്ള നിലപാടാണ് മാനേജ്മെൻറ് സ്വീകരിച്ചത്. പത്ര വിതരണ ഏജൻറൻമാരെ സംബന്ധിച്ചിടത്തോളം അവർ ആവശ്യപ്പെടുന്നത് അവർക്ക് കിട്ടിവന്നിരുന്ന ശതമാനം ആനുകൂല്യം തുടർന്നും നൽകണമെന്നാണ്. അവർക്ക് കൊടുത്തിരുന്ന ആനുകൂല്യത്തിൽ കുറവുചെയ്ത ശതമാനം നികത്തിക്കൊടുക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിരുന്നത്. മാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം ശതമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽപോലും കിട്ടി വരുന്ന തുക കൂടുതലാണെന്നുള്ള ഒരു നിലപാടാണ് ഇന്ന് സ്വീകരിച്ചിട്ടുള്ളത്. എന്തായാലും ഔപചാരികമായി ഗവൺമെൻറിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഇരു വിഭാഗക്കാരും സമ്മതിക്കുകയാണെങ്കിൽ അവരെ സഹകരിപ്പിച്ചു കൊണ്ടുപോകുന്നതിനും ഇതിന് ഒരു പരിഹാരം കണ്ടെത്തുന്നതിനും ഗവൺമെൻറ് ഭാഗത്തുനിന്ന് എന്ത് ചെയ്യാൻ സാധിക്കുമെന്നുപരിശോധിക്കാവുന്നതാണ്. ഇത്രയും മാത്രമേ ഗവൺമെൻറിന് ചെയ്യാൻ സാധിക്കുകയുള്ളൂ.

(2) പാഠപുസ്തകങ്ങളിലെ പിശകുകൾ

ശ്രീ. ലോനപ്പൻ നമ്പാടൻ: നമ്മുടെ പാഠ പുസ്തകങ്ങളിൽ മുഴുവൻ തെറ്റുകളാണ്. വില വളരെ കൂടുതലും. ഈ സബ്മിഷൻ ഉന്നയിക്കാൻ ഇടയായതിൽ എനിക്ക് അതിയായ ഖേദമുണ്ട്. 5–ാം സ്റ്റാൻേർഡിൽ സാമൂഹ്യ ശാസ്ത്ര പരിചയം പാഠപുസ്തകത്തിൽ ദേശീയ പതാകയെ അങ്ങേയറ്റം വികലമാക്കി അവഹേളിച്ചിരിക്കുന്നു. 6–ാം സ്റ്റാൻഡേർഡിലെ സാമൂഹ്യ ശാസ്ത്രത്തിൽ മുഹമ്മദ് നബി ഇസ്ലാം മതം 40–ാം വയസ്സിൽ സ്ഥാപിച്ചുവെന്നും, ക്രിസ്ത്യാനികൾ വെള്ളിയാഴ്ച ദിവസം വിശേഷ ദിവസമായി ആഘോഷിക്കുന്നുവെന്നും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം സെപ്തംബർ നാലാം തീയതി സബ്മിഷൻ ഈ തെറ്റുകൾ ചൂണ്ടിക്കാണിച്ചപ്പോൾ ഇക്കൊല്ലം തിരുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രിയും, മുഖ്യമന്ത്രിയും സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഇതുവരെ മാറ്റിയിട്ടില്ല. സഭയെ അവഹേളിച്ചിരിക്കുകയാണ്. രാജ്യദ്രോഹ കുറ്റമാണിത്. നിയമ പ്രകാരം മൂന്നു കൊല്ലത്തെ തടവും പിഴയുമാണ് ഈ തെറ്റുകൾക്കുള്ള ശിക്ഷ. 10–ാം സ്റ്റാൻഡേർഡിലെ 'ഭാരതവും ലോകവും' എന്ന പാഠപുസ്തകത്തിൽ ഇന്ത്യയിൽ പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് ക്രിസ്തുമതവും കത്തോലിക്കാ സഭയും ഉണ്ടായത് എന്നും പറഞ്ഞിട്ടുണ്ട്. ഇത്

LIBRARY ARCHIVES Kerala Legislative Assembly